പുറത്തെഴുത്തു ഉത്തരവ്:
ഡി ജി ഇ/15759/2022-എച്ച് 2-part(2)

NO TO DRUGS

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 06-06-2024

01/06/2024 ലെ സ.ഉ(കൈ)54/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് അറിവിലേക്കും തുടർ നടപടികൾക്കുമായി അയയ്ക്കുന്നു.പ്രസ്തുത ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചു കൊണ്ട് മാത്രമേ സർക്കാരിലേക്ക് റിവിഷൻ ഹർജികൾ സമർപ്പിക്കാവൂ എന്ന് സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും ജീവനക്കാർക്കും നിർദേശം നൽകേണ്ടതാണ്.

Signed by
Santhosh C A
Date: 06-06-2024 21:55:07
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1) എല്ലാ ഹയർ സെക്കണ്ടറി വിഭാഗം ആർ ഡി ഡി മാരും
2) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം എ.ഡി മാരും
3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
4) എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാരും

(ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചു മാത്രമേ സർക്കാരിലേക്ക് റിവിഷൻ ഹർജികൾ സമർപ്പിക്കുവാൻ പാടുള്ളൂ.)
(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന )

5) എല്ലാ പ്രഥമാധ്യാപകർക്കും

(ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചു മാത്രമേ സർക്കാരിലേക്ക് റിവിഷൻ ഹർജികൾ സമർപ്പിക്കുവാൻ പാടുള്ളൂ എന്ന് ബന്ധപ്പെട്ട ജീവനക്കാർക്ക് നിർദേശം നൽകേണ്ടതാണ്.)
(ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന )

പകർപ്പ്:-

(1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം
(ഇതോടൊപ്പം നൽകിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് എല്ലാ മാനേജർമാർക്കും ജീവനക്കാർക്കും ലഭ്യമായിട്ടുണ്ട് എന്നും ഉത്തരവിലെ നിർദേശങ്ങൾ ബന്ധപ്പെട്ടവർ പാലിക്കുന്നുണ്ട് എന്നും ഉറപ്പു വരുത്തേണ്ടതാണ്)

(2) എല്ലാ വിദ്യാഭ്യാസ ഉപ ഡയരക്ടർമാർക്കും
(ഇതോടൊപ്പം നൽകിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് എല്ലാ മാനേജർമാർക്കും ജീവനക്കാർക്കും ലഭ്യമായിട്ടുണ്ട് എന്നും ഉത്തരവിലെ നിർദേശങ്ങൾ ബന്ധപ്പെട്ടവർ പാലിക്കുന്നുണ്ട് എന്നും ഉറപ്പു വരുത്തേണ്ടതാണ്)

(3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ബഹു. ഹൈകോടതി WP(C)No.31861/2022 നമ്പർ ഹർജിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ മാനേജർമാർ/ജീവനക്കാർ സർക്കാരിൽ സമർപ്പിക്കുന്ന റിവിഷൻ പെറ്റീഷനുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പൊതു മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ച് - ഉത്തരവാകുന്നു.

**പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

G.O.(Ms)No.54/2024/GEDN തീയതി,തിരുവനന്തപുരം, 01-06-2024

പരാമർശം:-
1. ബഹു.ഹൈക്കോടതിയുടെ WP(C)No.31861/2022 നമ്പർ ഹർജിയിലെ 26.10.2022, 28.02.2024, 12.04.2024, 21.05.2024 എന്നീ തീയതികളിലെ ഇടക്കാല ഉത്തരവുകൾ.
2. 18-05-2024 ലെ സ.ഉ (കൈ) നം.49/2024/പൊ.വി.വ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായി, അപ്പലേറ്റ്/റിവിഷനറി അതോറിറ്റികളുടെ ഉത്തരവിനെതിരെ സർക്കാരിൽ സമർപ്പിക്കുന്ന റിവിഷൻ പെറ്റീഷനുകളെ വിഷയാടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച സമയബന്ധിതമായി തീർപ്പാക്കുന്നതിന് ബഹു. ഹൈകോടതി പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) ലെ ഉത്തരവുകൾക്കനുസൃതമായി, റിവിഷൻ പെറ്റീഷനുകൾ സർക്കാരിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം ചുവടെ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു:

i) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായി, അപ്പലേറ്റ്/റിവിഷനറി അതോറിറ്റികളുടെ ഉത്തരവുകൾക്കെതിരെയുള്ള റിവിഷൻ പെറ്റീഷനുകൾ, ഇനി മുതൽ ചുവടെ പ്രതിപാദിക്കും പ്രകാരം, അഞ്ചു വിഭാഗങ്ങളായി തരം തിരിച്ചാണ് സർക്കാരിൽ സമർപ്പിക്കേണ്ടത്:

a) നിയമനാംഗീകാരം (കാറ്റഗറി- I).

b) തസ്തിക നിർണ്ണയം (കാറ്റഗറി- II).

c) സ്ഥാനക്കയറ്റം (കാറ്റഗറി- III).

d) മാനേജ്മെന്റ് തർക്കം (കാറ്റഗറി- IV).

e) മറ്റു വിഷയങ്ങൾ (കാറ്റഗറി- V).

ഇപ്രകാരം ഫയൽ ചെയ്യുന്ന പെറ്റീഷനുകൾ തീർപ്പാക്കുന്നതിന് മേൽ സൂചിപ്പിച്ചിട്ടുള്ള ക്രമത്തിലായിരിക്കും മുൻഗണന നൽകുന്നത്.

ii) ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള ഫോർമാറ്റ്, വ്യക്തമായി പൂരിപ്പിച്ച് ,റിവിഷൻ പെറ്റീഷനോടൊപ്പം ആമുഖമായി ഉൾപ്പെടുത്തി വേണം സർക്കാരിൽ സമർപ്പിക്കേണ്ടത്.

iii) ഫോർമാറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും റിവിഷൻ പെറ്റീഷനുകളിൽ സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നത്.

iv) വിദ്യാഭ്യാസ ഓഫീസർമാരുടെ ഉത്തരവുകൾക്കെതിരെ സർക്കാരിൽ നേരിട്ട് പരാതികൾ സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും, ചട്ട പ്രകാരമുള്ള അപ്പീൽ/റിവിഷൻ സാധ്യതകൾ പ്രയോജനപ്പെടുത്തിയതിനു ശേഷം മാത്രം സർക്കാരിൽ റിവിഷൻ പെറ്റീഷനുകൾ സമർപ്പിക്കേണ്ടതുമാണ്. അപ്രകാരമല്ലാതെ സമർപ്പിക്കപ്പെടുന്ന റിവിഷൻ പെറ്റിഷനുകൾ ചട്ടപ്രകാരം പരിശോധിക്കേണ്ടതായ അപ്പീൽ/റിവിഷൻ അധികാരിക്ക് പരിശോധനക്കായി തിരികെ നൽകുന്നതാണ്.

v) 01.06.2024 മുതൽ സമർപ്പിക്കപ്പെടുന്ന റിവിഷൻ പെറ്റീഷനുകൾ മേൽ പറയും പ്രകാരം സമർപ്പിക്കേണ്ടതാണ്.

2. ബഹു.കോടതി 21.05.2024 തീയതിയിൽ പ്രസ്തുത ഹർജി വീണ്ടും പരിഗണിക്കുകയും, റിവിഷൻ പെറ്റീഷനുകൾ തീർപ്പാക്കുന്നതിന് ബഹു.കോടതി നിർദേശിച്ചിട്ടുള്ള സമയ പരിധി, നടപടിക്രമം എന്നിവ സംബന്ധിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തികൊണ്ടും, കെ.ഇ.ആർ അധ്യായം XIV A, ചട്ടം 92 നു വിരുദ്ധമാകാത്ത രീതിയിൽ പരാമർശം (2) ഉത്തരവിലെ clause (iv) ലെ നിർദ്ദേശം നടപ്പിലാക്കുന്ന വിഷയം പരിശോധിക്കണമെന്നും നിർദേശിച്ചു. തദനുസരണം പരാമർശം (2) ലെ ഉത്തരവിന് തുടർച്ചയായി താഴെ പറയുന്ന പൊതു മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു :

i) പരാമർശം (2) ഉത്തരവിലെ clause (iv) ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു :

കെ.ഇ.ആർ അധ്യായം XIV A, ചട്ടം 92 പ്രകാരം ടി അധ്യായത്തിൽ പറയുന്ന കാര്യങ്ങളിൽ സർക്കാരിന് സ്വമേധയായോ അല്ലാതെയോ ഒരു സബോർഡിനേറ്റ് അധികാരി പുറപ്പെടുവിച്ചതോ അപ്പീൽ നൽകാവുന്നതോ ആയ ഉത്തരവ് ഭേദഗതി ചെയ്യാവുന്നതാണ്. പ്രസ്തുത ചട്ടം ആസ്പദമാക്കി, അധ്യായം XIV A ചട്ടം 8(5), 8A, 38(2) എന്നീ വിവിധ ചട്ടങ്ങളിൽ അപ്പീൽ/റിവിഷൻ നൽകുന്നതിനു വ്യവസ്ഥകളുണ്ടെങ്കിലും ടി സാധ്യതകൾ വിനിയോഗിക്കാതെ നേരിട്ട് സർക്കാരിൽ റിവിഷൻ പെറ്റീഷനുകൾ സമർപ്പിക്കുന്ന പ്രവണത ഏറിവരുന്നു. ഇത്തരം പല കേസുകളും അപ്പീൽ അധികാരിക്കു തന്നെ തീർപ്പു കല്പിക്കുവാൻ കഴിയുന്നതായിരുന്നുവെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.മേൽ സാഹചര്യത്തിൽ സർക്കാരിൽ ലഭിക്കുന്ന റിവിഷൻ പെറ്റീഷനുകൾ സമയബന്ധിതമായും കാര്യക്ഷമമായും തീർപ്പുകല്പിക്കുന്നതിന് ചട്ടപ്രകാരമുള്ള അപ്പീൽ/റിവിഷൻ സാധ്യതകൾ പ്രയോജനപ്പെടുത്തിയതിനു ശേഷം സർക്കാരിൽ കെ.ഇ.ആർ അധ്യായം XIV A, ചട്ടം 92 പ്രകാരമുള്ള റിവിഷൻ പെറ്റീഷനുകൾ സമർപ്പിക്കുന്നത് ഉചിതമാണെന്ന് കാണുന്നതിനാൽ സർക്കാരിൽ നേരിട്ട് റിവിഷൻ പെറ്റീഷൻ സമർപ്പിക്കുന്ന പ്രവണത നിയന്ത്രിക്കേണ്ടതാണ്.

ii) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായി, അപ്പലേറ്റ്/റിവിഷനറി അതോറിറ്റികളുടെ ഉത്തരവിനെതിരെ സെക്രട്ടേറിയേറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിൽ റിവിഷൻ പെറ്റീഷനുകൾ ലഭ്യമായി 15 (പതിനഞ്ച്) ദിവസത്തിനകം, ഹർജി കക്ഷികളെ നേരിൽ കേൾക്കുന്നതിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും, പ്രസ്തുത വിവരം ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്. ബന്ധപ്പെട്ട രേഖകൾ/റിപ്പോർട്ടുകൾ കൂടിക്കാഴ്ച തീയതിക്ക് മുമ്പായി സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന് ഹിയറിങ് നോട്ടീസിൽ തന്നെ പ്രത്യേകം രേഖപ്പെടുത്തേണ്ടതും ബന്ധപ്പെട്ട കക്ഷികൾ നിശ്ചിതസമയപരിധിക്കുള്ളിൽ തന്നെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

iii) ഹിയറിങ് നോട്ടീസുകൾ ലഭ്യമായി രണ്ടാഴ്ചയ്ക്കുള്ളിൽ തന്നെ ഇതു സംബന്ധിച്ച വ്യക്തമായ റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകുന്നു.

iv) സർക്കാരിൽ സമർപ്പിക്കുന്ന റിവിഷൻ പെറ്റീഷനുകൾ ചട്ട പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി രണ്ടു മാസത്തിനകം തീർപ്പുകല്പിക്കേണ്ടതാണ്.നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് അധികസമയം ആവശ്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം, പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് രണ്ടു മാസം വരെ അധിക സമയം അനുവദിച്ചു നൽകാവുന്നതാണ്.

v) റിവിഷൻ പെറ്റീഷനുകൾ ചട്ട പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി തീർപ്പുകല്പിക്കുവാൻ രണ്ടു മാസത്തിൽ കൂടുതൽ സമയം ആവശ്യമുള്ള പക്ഷം, പ്രസ്തുത വിവരം ഹർജി കക്ഷികളെ രേഖാമൂലം അറിയിക്കേണ്ടതാണ്.

vi) ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള മേൽപ്പറഞ്ഞ സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RANI GEORGE
PRINCIPAL SECRETARY

അഡ്വക്കേറ്റ് ജനറൽ,കേരള,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
ഡയറക്ടർ വിവര പൊതു ജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
Date: 03-06-2024 14:04:23

സെക്ഷൻ ഓഫീസർ